# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2930 20.03.2015 ലെ മറുപടിയ്ക്ക്

## കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രവൃത്തികൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ പ്രവൃത്തികൾക്കെല്ലാം കൂടി എന്ത് തുക വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 191 പ്രവൃത്തികൾ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്കെല്ലാം കൂടി 1822.19 കോടി അടങ്കൽ തുക കണക്കാക്കിയിട്ടുണ്ട്. |
| (ബി) | കോർപ്പറേഷന് അനുവദിച്ച പ്രവൃത്തികളുടെ അടങ്കൽ തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികളുടെ; എത്ര ശതമാനം വർദ്ധനവാണ് നൽകിയ- തെന്നറിയിക്കുമോ; | (ബി) അനിവാര്യമായ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പ് പ്രൊപ്പോസ് ചെയ്തത് അനുസരിച്ച് ചില പ്രവൃത്തികളിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വരികയും ആയതിന് സർക്കാരിൽ നിന്ന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | അടങ്കൽ വർദ്ധിപ്പിച്ച് നൽകുക വഴി എത്ര രൂപയാണ് കോർപ്പറേഷന് അധികമായി നൽകേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ; | (സി) ഏഴ് പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി പ്രകാരം അടങ്കൽ വർദ്ധിപ്പിച്ചു നൽകുക വഴി 51.14 കോടി അധികമായി നൽകേണ്ടതായുണ്ട്. |
| (ഡി) | ഏറ്റെടുത്ത പ്രവൃത്തികൾ കോർപ്പറേഷൻ മറിച്ചു നൽകുകയാണോ ചെയ്തത്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ജോലികൾ സ്വകാര്യ കോൺട്രാക്ടർമാരാണോ ചെയ്തു തീർക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത പ്രവൃത്തികൾ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് ഉപകരാർ നൽകിയാണ് ചെയ്യുന്നത്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്